**അത്ഭുതം യേശുവിൻ നാമം**
**ഈ ഭൂവിലെങ്ങും ഉയർത്തീടാം**

1. എല്ലാരും ഏകമായ് കൂടി
സന്തോഷമായ് ആരാധിക്കാം
നല്ലവനാം കർത്തനവൻ
വല്ലഭനായ് വെളിപ്പെടുമേ

2. നീട്ടിയ തൃക്കരത്താലും
പരിശുദ്ധാത്മശക്തിയാലും
തിരുവചനം അതിധൈര്യമായ്
ഉരച്ചീടുക സഹോദരെ

3. മിന്നൽപ്പിണരുകൾ വീശും
പിൻമാരിയെ ഊറ്റുമവൻ
ഉണരുകയായ് ജനകോടികൾ
തകരുമപ്പോൾ ദുർശക്തികളും-

4. വെള്ളിയും പൊന്നൊന്നുമല്ല
ക്രിസ്തേശുവിൻ നാമത്തിനാൽ
അത്ഭുതങ്ങൾ അടയാളങ്ങൾ നടന്നീടുമേ
തൻ ഭുജബലത്താൽ-

5. കുരുടരിൽ കണ്ണുകൾ തുറക്കും
കാതു കേട്ടിടും ചെകിടർക്കുമെ
മുടന്തുള്ളവർ കുതിച്ചുയരും ഊമരെല്ലാം
സ്തുതി മുഴക്കും...

6. ഭൂതങ്ങൾ വിട്ടുടൻ പോകും-
സർവ്വബാധയും നീങ്ങീടുമേ
രോഗികളും ആശ്വസിക്കും
ഗീതസ്വരം മുഴങ്ങിടുമേ

7. നിന്ദിതപാത്രരായ് മേവാൻ
നമ്മെ നായകൻ കൈവിടുമോ
എഴുന്നേറ്റു നാം പണിതീടുക
തിരുകരങ്ങൾ നമ്മോടിരിക്കും

**Adbuthammesuvin naamam**
**Eebhoovilengum uyarthidaam**

1. Ellaarum ekamai koody
Santhoshamai aaradikkaam
Nallavanam karthanavan
Vallabanai velippedume

2. Neettiya thru karathalum
Parishudhaatma sakthiyalum
Thiruvahanam athi dhairyamaai
Uracheeduka sahodarare

3. Minnal pinarukal veesum
Pin mariye oottumavan
Unarukayai jena kodikal
Thakarumappol dursakthikalum

4. Velliyum ponnonnumalla
Kristhesuvin naamathinal
Adbhudhangal adayalangal
Nadanneeume than bhujabelathal

5. Kurudarin kannukal thurakkum
Kaathu kettidum chekidarkume
Mudanthullavar Kuthichuyarum
Oomarellam sthuthi muzhakkum

6. Bhoothangal vittudan pokum
Sarva bhathayum neengedume
Rogikalum aaswasikkum
Geetha swaram muzhangeedume

7. Ninnitha paathramai mevaan
Namme naayakan kaividumo
Ezhunettu naam panutheeduka
Thirukarangal nammodirikkum